# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1977 — 05/10/2016 -ൽ മറുപടിക്ക്

## ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. എം.വിൻസെന്റ് | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്; കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽ ജപ്പാൻ കുടിവെള്ള പദ്ധതി തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നീ പദ്ധതികൾ ഉൾപ്പെടുന്നു. മേൽ പദ്ധതികളിൽ ഇൻടേക്ക് കിണർ, ജലശുദ്ധീകരണശാല, ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖല, ജലസംഭരണികൾ എന്നിവ ഉൾപ്പെടുന്നു. ഇതിൽ ചേർത്തല, പട്ടുവം എന്നീ പദ്ധതികൾ വിഭാവനം ചെയ്ത രൂപത്തിൽ പൂർണ്ണമായും തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പദ്ധതികൾ ഭാഗീകമായും കമ്മീഷൻ ചെയ്തു. |
| (ബി) | എന്തെല്ലാം ധനസഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്; വിവരിക്കുമോ; | (ബി) | ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയുടെ ധന സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. ലോൺ കാലാവധി 2015 ജൂലൈ മാസത്തിൽ അവസാനിച്ചു. ശേഷിക്കുന്ന ജോലികൾ സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ചാണ് നടപ്പിലാക്കുന്നത് |

| | |
|---|---|
| (സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്; വിശദീകരിക്കുമോ; | (സി) തിരുവനന്തപുരം കോഴിക്കോട് എന്നീ നഗരങ്ങൾക്കും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതികൾ, കൊല്ലം ജില്ലയിലെ മീനാടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി, ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി എന്നീ 5 പദ്ധതികളാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്നത്.<br><br>**<u>തിരുവനന്തപുരം പദ്ധതി</u>** പഴയ വിഴിഞ്ഞം, കഴക്കൂട്ടം പഞ്ചായത്ത് പ്രദേശങ്ങൾ ഒഴികെയുള്ള തിരുവനന്തപുരം നഗരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും ശുദ്ധജലം ലഭിക്കുന്നു. പഴയ നേമം, തിരുവല്ലം എന്നീ പഞ്ചായത്തു പ്രദേശങ്ങളിൽ വിതരണ ശൃംഖല ജനറം പദ്ധതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ജലം ജപ്പാൻ പദ്ധതിയിൽ നിന്നുമാണ് ലഭ്യമാക്കുന്നത്.<br><br>**<u>കൊല്ലം ജില്ലയിലെ മീനാട് പദ്ധതി.</u>** ഈ പദ്ധതിയിൽ പരവൂർ മുനിസിപ്പാലിറ്റിയും കരവാളൂർ, അഞ്ചൽ, ഇടമുളയ്ക്കൽ, ചാത്തന്നൂർ, ഉമ്മന്നൂർ, ഇളമാട്, പൂയപ്പള്ളി, വെളിയം, നെടുമ്പന, ആദിച്ചനല്ലൂർ, ചിറക്കര, പൂതക്കുളം, മയ്യനാട്, എന്നീ പഞ്ചായത്തുകളും ഉൾപ്പെടുന്നു |

**ആലപ്പുഴ ജില്ലയിലെ ചേർത്തല പദ്ധതി.**

ഈ പദ്ധതിയിൽ ചേർത്തല മുനിസിപ്പാലിറ്റിയും ചേർത്തല തെക്ക്, പള്ളിപ്പുറം, പാണാവള്ളി, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, പെരുമ്പളം, അരൂർ, എഴുപുന്ന, കുത്തിയതോട്, തുറവൂർ, പട്ടണക്കാട്, വയലാർ, കടകരപ്പള്ളി, കോടംതുരുത്ത്, തണ്ണീർമുക്കം, മുഹമ്മ, കഞ്ഞിക്കുഴി, മാരാരിക്കുളം (വടക്ക്) പഞ്ചായത്തുകളും ഉൾപ്പെടുന്നു.

**കോഴിക്കോട് പദ്ധതി.**

ഈ പദ്ധതിയിൽ കോഴിക്കോട് കോർപ്പറേഷനും ബാലുശ്ശേരി, ചേളന്നൂർ, ഏലത്തൂർ, തലക്കുളത്തൂർ, നന്മണ്ട, കാക്കൂർ, ബേപ്പൂർ, ചെറുവണ്ണൂർ, ഒളവണ്ണ, കടലുണ്ടി, കക്കോടി, നരിക്കുനി, കുന്ദമംഗലം, പെരുവയൽ, കുറുവട്ടൂർ, പെരുമണ്ണ, എന്നീ പഞ്ചായത്തുക ളിലും വെള്ളം നൽകുന്നതിനുള്ള പണികൾ പുരോഗമിച്ചു വരുന്നു.

**കണ്ണൂർ ജില്ലയിലെ പട്ടുവം പദ്ധതി.-**

ഈ പദ്ധതിയിൽ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയും, ചപ്പാരപ്പടവ്, കടന്നപ്പള്ളി, പരിയാരം, കുറുമാത്തൂർ, പട്ടുവം, കല്ല്യാശ്ശേരി, പാപ്പിനിശ്ശേരി, ചെറുകുന്ന്, കണ്ണപുരം, മാട്ടൂൽ, ഏഴോം, പാണപ്പുഴ പഞ്ചായത്തുകളും ഉൾപ്പെടുന്നു.

| | |
|---|---|
| (ഡി) എത്ര കോടി രൂപയാണ് ഈ പദ്ധതിയുടെ ചെലവിന് വേണ്ടി വരുന്നത് എന്നറിയിക്കാമോ? | (ഡി) പദ്ധതിയുടെ അംഗീകൃത മതിപ്പ് ചെലവ് 2987.40 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ